# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1406/11/12/2023/ TVM**

പരാതികക്ഷി : സുന്ദരൻ മകൻ മഹേഷ്,എം.ജി.എച്ച് കോളനി
മരുതൂർ,വട്ടപ്പാറ, ,തിരുവനന്തപുരം

എതിർകക്ഷികൾ സെൽമ മകൾ ബിന്ദുവും ടിയാളുടെ ഭർത്താവ് രവിയും

**ഉത്തരവ് തീയതി 04.04.2024**

പരാതികക്ഷിയുടെ വീടിനോട് ചേർന്ന് താമസിക്കുന്ന എതിർകക്ഷികൾ ടിയാനെ നിരന്തരം ആക്രമിക്കുന്നതായും ഭീഷണിപ്പെടുത്തുന്നതായും, കള്ളക്കേസുകൾ കൊടുത്ത് ബുദ്ധിമുട്ടിക്കുന്നതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ മണ്ണന്തല സ്റ്റേഷൻ ഹൗസ് ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണം നടത്തിയതിൽ നിന്നും ഇരുകക്ഷികളും തമ്മിൽ വസ്തു സംബന്ധമായി വർഷങ്ങളായി തർക്കം നിലനിൽക്കുന്നതായും, ടി വിഷയത്തിൽ പരാതികക്ഷി കൂടെകൂടെ പ്രകോപനപരമായി പെരുമാറുന്നതായി ബോധ്യമായിട്ടുള്ളതും, ടി സമയങ്ങളിൽ പോലീസ് പാർടി സ്ഥലത്തെത്തി അക്രമാസക്തനായി നിന്ന ടി പരാതികക്ഷിയെ സ്ഥലത്ത് കൂടുതൽ സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കാൻ നിയമാനുസരണമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, കൂടാതെ ടി മഹേഷ് മണ്ണന്തല പോലീസ് സ്റ്റേഷൻ ക്രൈം.787/2014 U/s 377, 323 and Protectin of Children From Sexual Offence Act പ്രകാരമുള്ള കേസിൽ ശിക്ഷിക്കപ്പെട്ട് 7 വർഷക്കാലം ജയിൽവാസം അനുഭവിച്ചിട്ടുള്ളയാളാണെന്നും, കൂടാതെ ടിയാൾ മണ്ണന്തല പോലീസ് സ്റ്റേഷൻ ക്രൈം 837/2021, ക്രൈം 833/2021, 161/2022. 17/2023, 48/23, 193/2023 നമ്പർ കേസ്സുകളിൽ പ്രതിസ്ഥാനത്തുള്ളയാളാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. ഇരുകക്ഷികളും തമ്മിലുള്ള വസ്തു തർക്കവുമായി ബന്ധപ്പെട്ടതാണ് ഈ പരാതിയെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ മണ്ണന്തല പോലീസിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ പരാതിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് കണ്ട് തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ